# ചാസ്
# CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

കോവിഡ് –19 മഹാമാരി, കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് നമ്മുടെ നാട്ടിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ദീർഘനാളത്തെ ലോക്ക് ഡൗൺ സമൂഹവ്യാപനം ചെറുക്കാൻ നമ്മെ സഹായിച്ചു. അന്യസംസ്ഥാനങ്ങളിലും, വിദേശരാജ്യങ്ങളിലും നിന്നുള്ള മലയാളികളുടെ ഒഴുക്ക് തുടരുന്ന സാഹചര്യത്തിൽ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു എന്നത് സ്വഭാവികമാണ്. പക്ഷേ സമ്പർക്കംമൂലം ചില പ്രദേശങ്ങളിലുണ്ടാവുന്ന രോഗികളുടെ എണ്ണത്തിലെ വർദ്ധനവും രോഗവ്യാപനത്തിന്റെ ഉറവിടം തിരിച്ചറിയാനാവാത്തതും ആരോഗ്യദൃഢഗാത്രരായ ചെറുപ്പക്കാരുടെ മരണവും, നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നുണ്ട്. സാമൂഹ്യ അകലവും, വ്യക്തിശുചിത്വം പാലിക്കുകയും, മാസ്ക്ക് ധരിക്കുകയും ചെയ്യുക എന്നതാണ് ഇപ്പോൾ കരണീയമായിട്ടുള്ള പ്രതിരോധമാർഗ്ഗം. ഉത്തരവാദിത്വബോധത്തോടെ ആബാലവൃദ്ധം ജനങ്ങളും വർത്തിക്കണം. നമ്മുടെ സംഘങ്ങളും യൂണിറ്റുകളും ഇതിന് മാതൃകയാവേണ്ടതാണ്.

മഹാമാരി നമ്മുടെ സാമൂഹിക സാംസ്ക്കാരിക മേഖലകളെ നിശ്ചലമാക്കിയതോടൊപ്പം സാമ്പത്തിക മേഖലയുടെ സന്തുലിതാവസ്ഥ തകിടം മറിക്കുകയും ചെയ്തു. ചില അവശ്യ സേവനമേഖലകളിലെ അനിതര സാധാരണമായ വില വർദ്ധന വരാനിരിക്കുന്ന രൂക്ഷമായ പ്രതിസന്ധികളുടെ സൂചനമാത്രമാണ്. ഇതിനെ പ്രതിരോധിക്കാൻ ഉൽപ്പാദന വിപണനതലങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിനൊപ്പം മത്സ്യ മാംസാദികളുടെ ഉൽപ്പാദനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ സത്വര ഇടപെടൽ ആവശ്യമാണ്. ഇതിനുസഹായകമായി നമ്മൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന 'ഹരിതസമൃദ്ധി 2020–22' ന്റെ പ്രസക്തി തിരിച്ചറിഞ്ഞ് പങ്കാളികളാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### 1. അതിരൂപതാ ഭവനനിർമ്മാണ പദ്ധതി 2020 ജൂൺ

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| തടിയൂർ | 1 | 1 | 1,00,000 |
| കണ്ണാടി സെന്റ് റീത്താസ് | 1 | 1 | 50,000 |
| വടക്കേഅമിച്ചകരി | 1 | 1 | 25,000 |
| ചമ്പക്കുളം | 1 | 2 | 20,000 |

| | | | |
|---|---|---|---|
| മിത്രക്കരി | 1 | 2 | 50,000 |
| ചങ്ങങ്കരി | 1 | 2 | 75,000 |
| പടഹാരം | 1 | 1 | 50,000 |
| മുട്ടാർ ഓൾഡ് | 1 | 1 | 50,000 |
| മായം | 2 | 1 | 1,00,000 |
| പുഴവാത് | 1 | 2 | 40,000 |
| **ആകെ** | **11** | | **5,60,000** |

## 2. ചാസ് ഭവനനിർമ്മാണ പദ്ധതി 2020 ജൂൺ

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| കൈതവന | 2 | 2,3 | 50,000 |
| നസ്രത്ത് | 1 | 2 | 75,000 |
| കൊടുപ്പുന്ന | 1 | 3 | 40,000 |
| കൈനകരി | 2 | 2 | 55,000 |
| വേഴപ്രാ | 2 | 2 | 50,000 |
| കാവാലം ലിസ്യൂ | 2 | 2 | 75,000 |
| ആര്യാട് | 1 | 3 | 50,000 |
| പെരുംകാവ് | 1 | 1,2 | 55,000 |
| കാവാലം സെന്റ് ജോസഫ്സ് | 1 | 1 | 1,00,000 |
| കൈനടി | 1 | 2 | 20,000 |
| എടത്വാ | 2 | 2 | 50,000 |
| പുല്ലങ്ങടി | 2 | 2 | 15,000 |
| വടക്കേഅമിച്ചകരി | 1 | 2 | 10,000 |
| കൊണ്ടാക്കൽ | 2 | 1,2 | 75,000 |
| പുന്നക്കുന്നത്തുശ്ശേരി | 1 | 2 | 25,000 |
| പടഹാരം | 1 | 3,1 | 30,000 |
| ഫിൽഗിരി | 2 | 1 | 30,000 |
| കുമരകം | 1 | 3 | 75,000 |
| വെട്ടിതുരുത്ത് | 1 | 2 | 5,000 |
| ചങ്ങംകരി | 1 | 3 | 80,000 |
| മുട്ടാർ ഓൾഡ് | 1 | 3 | 25,000 |
| മിത്രക്കരി | 1 | 2 | 75,000 |
| **ആകെ** | **30** | | **10,65,000** |

## അറിയിപ്പുകൾ

### 1. മേഖലാ PME

| **തീയതി** | **മേഖല** |
|---|---|
| 29.06.2020 | ആലപ്പുഴ |
| 30.06.2020 | പുളിംകുന്ന് |
| 02.07.2020 | തുരുത്തി |
| 04.07.2020 | കോട്ടയം |
| 06.07.2020 | തൃക്കൊടിത്താനം |

